# ഓഡിയോ റെക്കോർഡിംഗ്, എഡിറ്റിംഗ് – Audacity ഉപയോഗിച്ച്

**1. കമ്പ്യൂട്ടറിനെ റിക്കോർഡിങ്ങിനായി സജ്ജമാക്കുക.**

- *Applications → System tools → Preferences → sound*
- **Output** *ടാബിൽ ക്ലിക്ക് ചെയ്ത്* **Volume** *ക്രമീകരിക്കുക (Mute ആവരുത്).*
- **Input** *ടാബിൽ ക്ലിക്ക് ചെയ്ത് മൈക്ക് പ്രവർത്തിപ്പിച്ച് നോക്കുക (Mute ആവരുത് ).*
- **Input Level** *waves ശ്രദ്ധിക്കുക.*
- *Input volume ക്രമീകരിച്ച് റിക്കോർഡിങ് മൈക്കിന്റെ Volume ക്രമീകരിക്കുക.*
- **Show sound volume in the menu bar** എന്നതിന് **Tick Mark** നൽകുക.




**2. റിക്കാർഡിംഗ്**

- *ഓഡാസിറ്റി സോഫ്റ്റ്‌വെയർ തുറക്കുക. (Applications → Sound & Video → Audacity)*




- *Rec ബട്ടൻ അമർത്തുക.*
- *മൈക്കിന് സമീപം നിന്ന് വിവരണം വായിക്കുക.*
- *ശബ്ദത്തിന്റെ തരംഗരൂപം സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്നത് കാണാം.*
- *വായന കഴിഞ്ഞാൽ കഴിയുമ്പോൾ Stop ബട്ടനിൽ ക്ലിക്ക് ചെയ്യുക.*
- *റിക്കോർഡ് ചെയ്ത ശബ്ദം* ***Play*** *ബട്ടനിൽ ക്ലിക്ക് ചെയ്ത് കേൾക്കുക.*

- *ആവശ്യമില്ലാത്ത ഭാഗം മൗസ് ഉപയോഗിച്ച് ക്ലിക്ക് ചെയ്ത് ഡ്രാഗ് ചെയ്ത് സെലക്ട് ചെയ്യുക.*
- *Delete കീ അമർത്തി പ്രസ്തുത ഭാഗം ഒഴിവാക്കുക.*
- *File → Save project → File name , location നൽകി ഓഡാസിറ്റി ഫയലായി സേവ് ചെയ്യുക.*
- *റിക്കോർഡ് ചെയ്ത ശബ്ദം MP3 ആയി മാറ്റുന്നതിന് File മെനുവിൽ നിന്ന് Export Audio തെരെഞ്ഞെടുക്കുക.*
- *ഫയൽ Export ചെയ്യേണ്ടുന്ന ലൊക്കേഷൻ തെരഞ്ഞെടുക്കുക.*
- *ഫയൽ നാമം നൽകുക. MP3 ഫോർമാറ്റ് തിരെഞ്ഞെടുക്കുക.*
- *Save ബട്ടൻ ക്ലിക്ക് ചെയ്ത് ശബ്ദം എക്സ്പോർട്ട് ചെയ്യുക.*

**3. നിലവിലുള്ള ഒരു ഓഡിയോ ഫയൽ എഡിറ്റ് ചെയ്യുന്നതിന്:**

- *ഓഡാസിറ്റി സോഫ്റ്റ്‌വെയർ തുറക്കുക. (Applications → Sound & Video → Audacity)*
- *File → Open → Browse audio file → Open*
- *ആവശ്യമില്ലാത്ത ഭാഗം മുകളിൽപ്പറഞ്ഞ രീതിയിൽ നീക്കം ചെയ്യുക.*
- *മറ്റൊരു ശബ്ദശകലം കൂട്ടിച്ചേർക്കേണ്ടതുണ്ടെങ്കിൽ , അത് ഓഡാസിറ്റിയിൽ തുറന്ന് ആവശ്യമുള്ള ഭാഗം ( Select → Edit → copy ) → ( Edit → Paste ) ചേർക്കുക.*
- ***Save / Export** as said above.*